ധനകാര്യം

2017-18 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ ഞാൻ പിൻതുണയ്ക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം വെള്ളിയാഴ്ച രാത്രിയാണ് ഞാൻ വീട്ടിലെത്തിയത്, അതിരാവിലെ എനിക്ക് അങ്കമാലിവരെ പോകേണ്ടതുണ്ടായിരുന്നു. ഞാൻ വീട്ടിൽനിന്നുമിറങ്ങി തോപ്പുംപടി കഴിഞ്ഞപ്പോൾ റോഡിൽ ഒരു മനോഹരമായ ചിത്രം, ആ ചിത്രം കണ്ടപ്പോൾ എനിക്ക് പരിചയമുണ്ടെന്നുകരുതി ഞാൻ ആ ചിത്രത്തിന്റെ അടുത്തേയ്ക്കുപോയി. വളരെ സുന്ദരമായ മുഖത്തോടുകൂടി എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ഹൈബി ഈഡന്റെ ഒരു ഫ്ലക്സ് ബോർഡാണ്. അതിൽ എന്താണ് എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന് എന്തെങ്കിലും അംഗീകാരം കിട്ടിയോയെന്ന് അറിയാൻ വേണ്ടി നോക്കിയപ്പോൾ അതിൽ എഴുതിയിരിക്കുന്ന 30 കോടി രൂപ വാത്തുരുത്തി പാലത്തിന് അനുവദിച്ച ഹൈബി ഈഡന് അഭിവാദ്യങ്ങൾ. ഞാൻ അവിടെനിന്നും മുന്നോട്ടുപോയപ്പോൾ അതുപോലുള്ള ഏതാണ്ട് മുപ്പതോ നാൽപ്പതോ ബോർഡുകൾ, വിവിധ രൂപത്തിലുള്ള ഹൈബി ഈഡൻ എന്ന ചെറുപ്പക്കാരനായ എം.എൽ.എ.-

യുടെ മനോഹരമായ ചിത്രങ്ങൾ വൈവിദ്ധ്യമാർന്ന വർണ്ണങ്ങളിൽ ആ റോഡിലാകെ പതിപ്പിച്ചിരിക്കുന്നു. അത് ഒരു പാലത്തിനുവേണ്ടിമാത്രമല്ല, റോഡുകളുടെ പേരിൽ പണം അനുവദിച്ചതുമുണ്ട്. ഇതുകഴിഞ്ഞ് ഞാൻ അടുത്ത മണ്ഡലമായ പറവൂര് ചെന്നു. അവിടെ പത്രങ്ങളിലെല്ലാം ചാത്തനാട്- പെരുമ്പടന്ന റോഡിന് ശ്രീ. വി. ഡി. സതീശൻ പണം അനുവദിച്ചിരിക്കുന്നുവെന്ന പ്രസ്താവന. ഞാൻ കേരള കൗമുദിയിലാണ് വായിച്ചത്. അതുകഴിഞ്ഞ് ആലുവ മണ്ഡലത്തിലേയ്ക്ക് ചെന്നപ്പോൾ അവിടെ എന്റെ സുഹൃത്ത് അൻവർ സാദത്ത് ....

<u>ശ്രീ. വി.ഡി. സതീശൻ</u>: Sir, I'm on a point of order. ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചപ്പോൾ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ... ഞാൻ അവിടെ ബോർഡ് വച്ചിരിക്കുന്നുവെന്ന് പറഞ്ഞു.

<u>മി. സ്പീക്കർ</u>: അങ്ങ് ബോർഡ് വച്ചുവെന്ന് പറഞ്ഞിട്ടില്ല. അങ്ങയുടെ മണ്ഡലത്തിൽ ബോർഡ് കണ്ടുവെന്നാണ് പറഞ്ഞത്.

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, അത് ശരിയല്ല. അഥവാ തന്നെ എല്ലാ കാലഘട്ടത്തിലും സർക്കാർ ബഡ്ജറ്റിലൂടെ അവതരിപ്പിക്കുന്ന നേട്ടങ്ങൾ എല്ലാ എം.എൽ.എ.-മാരും അവരവരുടെ സ്ഥലങ്ങളിൽ.......അവർ ആവശ്യപ്പെട്ടിട്ടാണ്

ബഡ്ജറ്റിൽ വരുന്നത്. നിങ്ങൾ നൽകുന്ന ഔദാര്യം പോലെ പറയരുത്. അത് ശരിയല്ല.

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ എന്നുപറഞ്ഞാൽ പോയിന്റ് പറയണം.

ശ്രീ. വി.ഡി. സതീശൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അങ്ങ് ബോർഡ് വച്ചിട്ടില്ലേ; എം.എൽ.എ.-മാർ ബഡ്ജറ്റിൽ വയ്ക്കുന്ന കാര്യങ്ങൾ, അവർ ചെയ്യുന്നത് അവരെ അപകീർത്തിപ്പെടുത്തിക്കൊണ്ട് സംസാരിക്കുന്നത് ഓർഡറിൽ അല്ല. അത് ശരിയല്ല. .....(ബഹളം)......അങ്ങ് അടക്കം ബോർഡ് വച്ചിട്ടുണ്ട്.

മി. സ്പീക്കർ: അപകീർത്തിപ്പെടുത്തിയിട്ടില്ല. അദ്ദേഹം പറഞ്ഞു തുടങ്ങിയതല്ലേയുള്ളൂ.

ശ്രീ. രാജു എബ്രഹാം: സർ, പോയിന്റ് ഓഫ് ഓർഡർ.....കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ബഡ്ജറ്റ് കഴിയുമ്പോൾ എം.എൽ.എ.-മാർ ബോർഡ് വയ്ക്കുമെന്ന് ബഹുമാനപ്പെട്ട വി.ഡി.സതീശൻ പറഞ്ഞത് തെറ്റാണ്. എന്റെ

നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം ഒരു നയാപൈസയുടെ വിഹിതം ബഡ്ജറ്റിൽ എനിക്ക് തന്നിട്ടില്ല. പിന്നെ ഞാൻ എങ്ങനെയാണ് ബോർഡ് വയ്ക്കുന്നത്; ബഡ്ജറ്റിൽ തന്നിട്ടില്ല.....(ബഹളം)......

ശ്രീ. ഹൈബി ഈഡൻ: സർ, ശ്രീ. രാജു എബ്രഹാം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ സെൻട്രൽ റോഡ് ഫണ്ട് കിട്ടിയത് അദ്ദേഹത്തിനാണ്. അദ്ദേഹം നിഷേധിക്കട്ടെ. സെൻട്രൽ റോഡ് ഫണ്ട് കിട്ടിയോ; അല്ലെങ്കിൽ നിഷേധിക്കട്ടെ. അതിന്റെ ഫ്ലക്സും വച്ചിട്ടുണ്ട്. അതൊന്നും പറയേണ്ട.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ബോർഡ് വച്ചതിനെയോ അവരുടെ മണ്ഡലങ്ങളിൽ തുക അനുവദിച്ചതിനെയോ മോശമായി ചിത്രീകരിച്ചതേയല്ല. അതിനുള്ള അവകാശം അവർക്കുണ്ട്. മറ്റൊന്നാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. അതെന്താണെന്നുവച്ചാൽ എറണാകുളം ജില്ലയിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അവതരണത്തിനുശേഷം ഒരു പത്രമെഴുതിയത് എറണാകുളം ജില്ല സീറോ

എന്നാണ്. ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിന്റെ പിറ്റേ ദിവസം എറണാകുളം ജില്ലയിലെ ഒരു പ്രമുഖ പത്രം നഗരത്തെക്കുറിച്ച് എഴുതിയത് 'സ്മാർട്ട് കൊച്ചി' എന്നാണ്. ഇതുവരെ ഇല്ലാത്തവണ്ണം എറണാകുളം ജില്ലയ്ക്കുവേണ്ടി ഈ ബഡ്ജറ്റിൽ വിവിധ മേഖലകളിലായി നിരവധി പദ്ധതികളാണുള്ളത്. ആ പദ്ധതികളുമായി ബന്ധപ്പെട്ടാണ് എറണാകുളം ജില്ലയിലെ ബഹുമാന്യരായ യു.ഡി.എഫ്. എം.എൽ.എ.-മാർ ബോർഡുകൾ വച്ചിട്ടുള്ളതും പ്രസ്താവനകൾ ഇറക്കിയിട്ടുള്ളതും. യു.ഡി.എഫ്.-ലെ വരുംകാല സ്ഥാനാർത്ഥിമോഹികളുടെ കണ്ണ് തട്ടാതിരിക്കാനായി എന്താണ് മാർഗ്ഗമെന്ന് ഇവരിപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നാണ് എനിക്ക് തോന്നുന്നത്. എറണാകുളം ജില്ലയിൽ എന്തൊക്കെയാണ്; എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം മുമ്പൊരിക്കലും ഇല്ലാത്തവണ്ണം ആ ജില്ലയെ പരിഗണിച്ചു. അത് ഏതെങ്കിലും മേഖലയിൽ, ഇപ്പോൾ റോഡുകളുടെ സ്ഥിതി; പാലങ്ങളുടെ സ്ഥിതി, എത്രയോ കൊല്ലമായി എറണാകുളം ജില്ലയിലെ മാത്രമല്ല, കേരളത്തിന്റെ നാഡി ഞരമ്പ് എന്നുപറയുന്ന ദേശീയ പാതയിലെ വൈറ്റില-കുണ്ടന്നൂർ പാലങ്ങൾ. തട്ടിക്കളിച്ചതാണല്ലോ; ഒരു കാലത്ത്

ബഹുമാന്യനായ മുൻ മുഖ്യമന്ത്രി തറക്കല്ലുമിട്ടതാണ്. അങ്ങനെ തറക്കല്ലിട്ട കല്ല് അവിടെയുണ്ടോ എന്നത് സംബന്ധിച്ച ഒരു അന്വേഷണം വേറെ നടത്തണം. അതിന് ഇപ്പോൾ ശാപമോക്ഷം ഉണ്ടായിരിക്കുന്നു. ആ തറക്കല്ലിന്റെമേൽ പാലം പണിയാനുള്ള തീരുമാനവും അതിനുവേണ്ടി രണ്ട് പാലങ്ങൾക്കുള്ള തുകയും ബഹുമാന്യനായ മന്ത്രി ഈ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. കഴിഞ്ഞ 25 കൊല്ലം മന്ത്രി പ്രതിനിധാനം ചെയ്ത മണ്ഡലമാണ് തൃപ്പൂണിത്തുറ. ആ തൃപ്പൂണിത്തുറ മണ്ഡലത്തിൽ 1990-ലാണ് പൂത്തോട്ട മുതൽ പുതിയകാവ് വരെ ഇരുവശവുമുള്ള ഭൂമി മരവിപ്പിച്ചിട്ടത്. മനോരമ പത്രം അതുസംബന്ധിച്ച് നേരത്തേ തന്നെ ഒരു ലേഖനം എഴുതിയിരുന്നു. അതിന്റെ ചുവടുപിടിച്ച് ഇപ്പോഴത്തെ ബഹുമാന്യനായ എം.എൽ.എ. എം.സ്വരാജ് അക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് 300 കോടി രൂപയാണ് അനുവദിച്ചത്. ഒരുപക്ഷേ കേരളത്തിൽ ഒരു പദ്ധതിക്കുവേണ്ടി ഏറ്റവും കൂടുതൽ സംഖ്യ നീക്കിവയ്ക്കുന്നത് പൂത്തോട്ട-എസ്.എൻ.ജംഗ്ഷൻ റോഡ് വികസനവുമായി ബന്ധപ്പെട്ടാണ്. ഞാൻ പാലങ്ങളുടെയും റോഡുകളുടെയും കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

എറണാകുളം ജില്ല വ്യാവസായിക ജില്ല എന്നാണ് അറിയപ്പെടുന്നത്. ആ വ്യവസായ ജില്ലയായ എറണാകുളത്തെ വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ്വുണ്ടായിരിക്കുകയാണ്. എറണാകുളം ജില്ലയിലെ പല പ്രമുഖങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും നേതാക്കന്മാരാണ് അപ്പുറത്തിരിക്കുന്ന ശ്രീ. വി. ഡി. സതീശനും ശ്രീ. ഹൈബി ഈഡനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞുമെല്ലാം. അവരൊക്കെ പ്രവർത്തിക്കുന്ന, നേതൃത്വം കൊടുക്കുന്ന ആ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ ഗവൺമെന്റ് മുമ്പൊരിക്കലുമില്ലാത്തവണ്ണം അവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചിരിക്കുകയാണ്. ടി.സി.സി.-ക്ക് 5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 5 കോടി രൂപകൊണ്ട് ടി.സി.സി.-യുടെ ഒരു പുതിയ പ്ലാന്റ് ആരംഭിക്കാൻ വേണ്ടിയാണെങ്കിലും ടി.സി.സി.-യിൽ ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. ആ പ്രതിസന്ധികൾ പരിഹരിക്കാനാവശ്യമായ തീരുമാനം മന്ത്രിസഭാതലത്തിൽ എടുക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ടെൽക്കിന്റെ നവീകരണം - ഒരുകാലത്ത് ടെൽക്ക് Siemens എന്നുപറയുന്ന

ജർമൻ കമ്പനിക്ക് വിൽക്കാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്. ആ ടെൽക്കിനെ പൊതുമേഖലയിൽ നിലനിർത്തി എന്നുമാത്രമല്ല, ഇപ്പോൾ പ്രതിസന്ധി നേരിടുന്ന ടെൽക്ക് എന്ന വ്യവസായ സ്ഥാപനത്തെ രക്ഷിക്കാൻവേണ്ടി 10 കോടിരൂപ ബഹുമാന്യനായ മന്ത്രി വകയിരുത്തിയിട്ടുണ്ട്. ഞാൻ വ്യവസായശാലകളിലെ എല്ലാ പ്രശ്നങ്ങളിലേയ്ക്കും കടക്കുന്നില്ല. പൊതുമേഖലാ വ്യവസായശാലകൾ നവീകരിക്കുന്നതോടൊപ്പം തന്നെ എറണാകുളം ജില്ലയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ട് രണ്ട് പുതിയ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിലൊന്ന്, പെട്രോ കെമിക്കൽസ് വ്യവസായവുമായി ബന്ധപ്പെട്ടും മറ്റൊന്ന് ഫാർമസ്യൂട്ടിക്കൽസ് വ്യവസായവുമായി ബന്ധപ്പെട്ടുമാണ്. വലിയ തൊഴിൽ സാദ്ധ്യതയുണ്ടാക്കാൻ കഴിയുന്ന രണ്ട് പദ്ധതികൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെയാണ് ഇൻഫോ പാർക്ക്. ബഹുമാന്യനായ മുൻമുഖ്യമന്ത്രിയുടെ കാലത്ത് മറ്റൊരു സ്ഥാപനത്തിന് ഇൻഫോ പാർക്ക് കൈമാറാനുള്ള തീരുമാനമെടുത്തതാണ്. വലിയ സമരം അക്കാലത്ത് ഉയർന്നുവന്നതിനെ തുടർന്നാണ് കേരളത്തിന്റെ അഭിമാനമായ ഇൻഫോപാർക്ക് സംസ്ഥാന

ഉടമസ്ഥതയിൽ തന്നെ നിലനിർത്തിയത്. ആ ഇൻഫോപാർക്കിനുവേണ്ടി 79 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. അതിനെക്കാൾ മെച്ചപ്പെട്ടതായി കാണുന്നത് ഇൻഫോപാർക്കിൽ 2020-ഓടുകൂടി, ഇൻഫോപാർക്ക് തുടങ്ങുമ്പോൾ ലക്ഷ്യമിട്ടിരുന്നതുപോലെ ഒരു ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർക്ക് ഐ.ടി.മേഖലയിൽ ജോലി ലഭിക്കുന്നുവെന്നുള്ളതാണ്. കേരളത്തിൽ ഇൻഫോപാർക്കിൽ ഒരു ലക്ഷം ആളുകൾക്ക് ജോലി കിട്ടാൻ പോകുന്നുവെന്നുള്ളത് നിരവധിയായ അഭ്യസ്തവിദ്യർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവരായിട്ടുണ്ട്. അവർക്ക് പ്രതീക്ഷയുടെ ഒരു പുതിയ കവാടം തുറന്നുകിട്ടുകയാണ്. ഒരു ലക്ഷം പേർക്ക് 2021-ഓടുകൂടി അവസരങ്ങൾ കിട്ടാൻപോകുന്നു. കേരളത്തിന്റെ മറ്റ് ഐ.ടി. പാർക്കുകൾക്കും നിരവധിയായ തുക അവയുടെ വികസനത്തിനായി നീക്കിവച്ചിട്ടുണ്ട്. അതിലേയ്ക്കൊന്നും കടക്കുന്നില്ല.

തീരദേശ മേഖല - കേരളത്തിലെ തീരദേശ മേഖലയ്ക്ക് വലിയ പ്രതീക്ഷയാണ് ഈ ബഡ്ജറ്റ്. തീരദേശ ഹൈവേ എന്നുപറയുമ്പോൾ 9 ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. അതിൽ ഒരു ജില്ലയാണ് എറണാകുളം ജില്ല. ആ എറണാകുളം

ജില്ലയുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ, അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ഉയർച്ച, മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ. കടലിൽ ആവശ്യത്തിന് മത്സ്യം ഇല്ല എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. പിടിക്കുന്ന മത്സ്യത്തിന്റെ അളവ് കുറയുന്നുവെന്നുള്ളതാണ് മറ്റൊരു പ്രശ്നം. തീർച്ചയായും മത്സ്യ ഉൽപ്പാദനത്തിന് കൃഷി അവലംബിക്കാൻ, മത്സ്യകൃഷി മെച്ചപ്പെടുത്താൻ വേണ്ടി ബഡ്ജറ്റിൽ കുറെക്കൂടി തുക നീക്കിവയ്ക്കുകയും അങ്ങനെ തുക നീക്കിവച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ മത്സ്യ കയറ്റുമതി സ്ഥാപനങ്ങൾ അതിന്റെ പൂർണ്ണശേഷി ഉപയോഗിക്കാൻ കഴിയുംവണ്ണം മത്സ്യകൃഷിയിലൂടെ ആവശ്യമായ മൽസ്യവിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള ഒരു സമഗ്രമായ പദ്ധതി ആ നിലയ്ക്ക് നീക്കിവയ്ക്കണം. എറണാകുളം ജില്ലയിൽ ചെല്ലാനം ഫിഷറീസ് ഹാർബർ, 2006-ൽ ബഹുമാന്യനായ എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് തുടക്കം കുറിച്ചത്. അതിന്റെ ഒരു ഘട്ടം അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ 5 വർഷക്കാലം ജില്ലയിൽനിന്നും ഫിഷറീസ് വകുപ്പിന് ഒരു

മന്ത്രിയുണ്ടായിരുന്നിട്ടും ചെല്ലാനം ഫിഷറീസ് ഹാർബറിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളോ അതിലേയ്ക്കുവേണ്ടിയുള്ള റോഡിന് സ്ഥലമേറ്റെടുക്കലോ ഒന്നും ചെയ്തില്ല. രണ്ടാംഘട്ട വികസനത്തിനാവശ്യമായ തുക, ഭൂമിയേറ്റെടുക്കാനും റോഡിനാവശ്യമായ സ്ഥലമേറ്റെടുക്കാനും ലേലപ്പുരയും കോൾഡ് സ്റ്റോറേജുമൊക്കെ അടങ്ങുന്ന ചെല്ലാനം ഫിഷറീസ് ഹാർബറിന്റെ ആവശ്യത്തിനുള്ള ഫണ്ട് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിന് മറുപടി പറയുമ്പോൾ നീക്കിവയ്ക്കണമെന്നാണ് പറയാനുള്ളത്. ഇതോടൊപ്പംതന്നെ റോഡിന്റെയും പാലത്തിന്റെയും കാര്യം പറഞ്ഞപ്പോൾ ലിസ്റ്റിനകത്ത് അവസാനമായി വാത്തുരുത്തി പാലത്തിന് 20 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. വാത്തുരുത്തി ഓവർബ്രിഡ്ജിന് വേറൊരു 30 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. ഈ 20 കോടി രൂപ എറണാകുളം മണ്ഡലത്തിലെ, ബഹുമാന്യനായ ഹൈബി ഈഡന്റെ മണ്ഡലത്തിലെ വടുതലയിൽനിന്നും പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന കുറങ്കോട്ട ദ്വീപെന്ന ഒരു ദ്വീപുണ്ട്. പൂർണ്ണമായും പട്ടികജാതിക്കാരാണ് അവിടെയുള്ളത്. ആ ദ്വീപിലേയ്ക്ക് പാലം നിർമ്മിക്കാൻവേണ്ടി 20 കോടി രൂപ നീക്കിവച്ചത് മാറ്റിനിശ്ചയിച്ചുകഴിഞ്ഞാൽ ഒരു വലിയ പ്രദേശത്തെ ജനങ്ങൾക്ക് അത് സഹായകരമാകും.

ഇന്ന് ഇവിടെ കേരളത്തിന്റെ വജ്രജൂബിലിയുടെ ഭാഗമായി സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പങ്കെടുക്കുന്ന സെമിനാറുണ്ട്. ആ സെമിനാറിന്റെ പേര് "ഫെഡറലിസം - സാദ്ധ്യതകളും വെല്ലുവിളികളും" എന്നാണ്. ഇന്ത്യയ്ക്കകത്ത് ഫെഡറൽ സംവിധാനത്തിനെതിരെ വലിയ വെല്ലുവിളി ഉയർന്നിരിക്കുന്നുവെന്ന് പറയുന്നു. അൽപംമുമ്പ് ഈ സഭ അക്കാര്യം ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമടക്കമുള്ള ഭരണ-പ്രതിപക്ഷ നേതാക്കളെല്ലാം ഇന്ത്യയ്ക്കകത്തെ ഫെഡറൽ ഭരണസംവിധാനം നേരിട്ടുകൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നം ചർച്ച ചെയ്തതാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിൻകീഴിൽ സംസ്ഥാനങ്ങൾ ശക്തസംസ്ഥാനങ്ങളും എന്നാൽ കേന്ദ്രം ശക്തകേന്ദ്രവുമായി മാറുന്ന രീതിയിൽ സാമ്പത്തിക അധികാരങ്ങളടക്കമുള്ള എല്ലാ അധികാരങ്ങളും കേന്ദ്രത്തിലേയ്ക്ക്....

<u>ശ്രീ. പി. ടി. തോമസ്:</u>സർ, ഇന്ന് ബഹുമാന്യനായ സീതാറാം യെച്ചൂരി ഇവിടെ വന്ന് പ്രസംഗിക്കുന്നുണ്ട്. അത് വളരെ നല്ല കാര്യം. ആ പ്രസംഗത്തിലെങ്കിലും ഫാസിസത്തെ സംബന്ധിച്ച് ശ്രീ. പ്രകാശ് കാരാട്ടിന്റെ അഭിപ്രായമാണോ അദ്ദേഹത്തിന്റെ അഭിപ്രായമാണോ പാർട്ടിയുടെ

ഔദ്യോഗിക നിലപാടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ബഹുമാന്യനായ പി. ടി. തോമസ് ശ്രീ. സീതാറാം യെച്ചൂരിയുടെ പ്രസംഗം കേൾക്കാൻ വരുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം, അദ്ദേഹത്തിന് ഇപ്പോൾ ഒരു പുതിയ ചുമതലയുണ്ട്. അദ്ദേഹമിപ്പോൾ വീക്ഷണത്തിന്റെ എം.ഡി.-യും എഡിറ്ററുമൊക്കെയാണ്. അതുകൊണ്ട് ഈ കാര്യങ്ങളൊക്കെ പഠിക്കാൻ അദ്ദേഹം നിർബന്ധിതനുമാണ്. തീർച്ചയായും ശ്രീ. സീതാറാം യെച്ചൂരിയുടെ ലേഖനങ്ങൾ ഇനിയും അങ്ങ് വായിക്കണം. ഫാസിസത്തിനെതിരായി ഈ രാജ്യത്ത് ശ്രീ. സീതാറാം യെച്ചൂരിയും അദ്ദേഹത്തിന്റെ പ്രസ്ഥാനമായ സി.പി.ഐ.(എം.)-ഉം നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടം, ഫാസിസത്തിനെതിരായി ജനങ്ങളെ അണിനിരത്തുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ നേതാവ് ശ്രീ. എ. കെ. ആന്റണി പറഞ്ഞതായി പത്രങ്ങളിൽ വന്ന 'പകൽ സമയത്ത് കോൺഗ്രസ്സും, രാത്രി കാലങ്ങളിൽ ആർ.എസ്.എസ്.-ഉം ആകുന്നവർ' നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടാകരുതെന്നുമാത്രമേ ഞങ്ങൾക്കുള്ളൂ. ഫാസിസത്തെ നേരിട്ടുകൊണ്ട് രാജ്യത്തിന്റെ ഫെഡറൽ ഭരണ സംവിധാനത്തെ ശക്തിപ്പെടുത്തണമെങ്കിൽ ശക്തമായ ഇടതുപക്ഷ-

മതനിരപേക്ഷ-ജനാധിപത്യ പാർട്ടികളുടെ കരുത്ത് വർദ്ധിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഇടതുപക്ഷ പാർട്ടികൾ നേതൃത്വം കൊടുക്കുന്നത്. അതിനുവേണ്ടിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന, ഇന്ത്യയ്ക്കകത്ത് ഇന്ന് നിലനിൽക്കുന്ന കേന്ദ്രത്തിന്റെ അമിതാധികാര വാഴ്ചയ്ക്കെതിരായിട്ടുള്ള പ്രതിരോധമാണ് കേരളത്തിൽ ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെയുംകൂടി ഭാഗമായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ആ അർത്ഥത്തിൽതന്നെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.